ഉത്തരം

(എ) ഉണ്ട്.

(ബി) 1994-96 കാലഘട്ടത്തിൽ നടന്ന അഴിമതിയും കെടുകാര്യസ്ഥതയും മൂലം കോർപ്പറേഷൻ താരതമ്യേന പ്രവർത്തനരഹിതമായിരുന്നു. പരിവർത്തിത ക്രൈസ്തവരുടെയും ശുപാർശിത വിഭാഗങ്ങളുടെയും പിന്നോക്കാവസ്ഥ പരിഗണിച്ച് കോർപ്പറേഷനെ പുനഃസംഘടിപ്പിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കി ധാരാളം നടപടികൾ ഇക്കഴിഞ്ഞ നാലരവർഷംകൊണ്ട് സ്വീകരിക്കുകയുണ്ടായി. മൂലധനസഹായം വർഷാവർഷം വർദ്ധിപ്പിച്ചു. കഴിഞ്ഞ നാലര വർഷക്കാലം കൊണ്ട് മൂലധനസഹായമായ 4.50 കോടി രൂപയും 1.50 കോടി രൂപ മറ്റു സാമ്പത്തിക സഹായമായും അനുവദിക്കുകയുണ്ടായി. സംസ്ഥാന പദ്ധതിയിനത്തിൽപ്പെട്ട കൃഷിഭൂമി വായ്പ 20,000 രൂപയിൽ നിന്നും 75,000 രൂപയായി കെട്ടിടനിർമ്മാണ വായ്പ 15,000 രൂപയിൽ നിന്നും 35,000 രൂപയായും ഭവന പുനരുദ്ധാരണ വായ്പ 6,000 രൂപയിൽ നിന്നും 10,000 രൂപയായും വർദ്ധിപ്പിച്ചു. വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനം 300-ൽ നിന്നും 750 രൂപയായും 700 രൂപയിൽ നിന്നും 1000 രൂപയായും വർദ്ധിപ്പിച്ചു. വായ്പ തിരിച്ചടവ് കാലാവധി ദീർഘിപ്പിച്ചു. 2/2001 വരെ 1400 പേർക്ക് മൊത്തം 350.70 ലക്ഷം രൂപ വായ്പയായും ധനസഹായമായും നല്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം ആയിരത്തിൽപരം ഗുണഭോക്താക്കൾക്ക് 4 കോടി രൂപ വായ്പ നല്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതു കൂടാതെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭ്യമായ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഈ വിഭാഗം കുട്ടികൾക്ക് നല്കുന്നുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

ഗണക സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി

7 (1158) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ന്യൂനപക്ഷ പിന്നോക്ക സമുദായമായ ഗണക കണിശൻ-കണിയാൻ-കളരിക്കുറുപ്പ്-കണിയാർ, പണിക്കർ തുടങ്ങിയ സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയ്ക്ക് ഉറപ്പ് നല്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതുവരെയായി എന്ന് സദയം അറിയിക്കാമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സർക്കാരിന്റെ നിലപാടിന് വിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഈ സമുദായങ്ങളെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണനയിലാണ്.

(സി) സർക്കാർ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ചോദ്യം ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly